"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് – നെടുപുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 466/2025 – പ്രതികൾ അടച്ച ജാമ്യത്തുക ബഹു:കോടതി ഉത്തരവ് പ്രകാരം റീഫണ്ട് അനുവദിക്കുന്നതിന് അനുമതി നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.4205/2025/HOME തീയതി,തിരുവനന്തപുരം, 03-12-2025

---

പരാമർശം:-

1. ബഹു. തൃശ്ശൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-I, CC നമ്പർ 2492/2017-ൽ 27.09.2024-ലെ വിധി.
2. ബഹു. തൃശ്ശൂർ സെഷൻസ് കോടതി 04.02.2025-ലെ Crl.M.P.207/2025 in Crl.M.C.1015/2015 ഉത്തരവ്.
3. തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണറുടെ 23.04.2025 ലെ D2-26103/2025/RC നമ്പർ കത്ത്.
4. സംസ്ഥാന പോലീസ് മേധാവിയുടെ 21/05/2025 ലെ D3/81921/2025/PHQ നമ്പർ കത്ത്.

**ഉത്തരവ്**

നെടുപുഴ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 466/2025 U/S 143, 147, 447, 427, 149 IPC & Sec. 3(2) of PDPP Act പ്രകാരമുള്ള കേസ്സിലെ 11 പ്രതികൾ ജാമ്യത്തുകയായി തൃശ്ശൂർ ജില്ലാട്രഷറിയിൽ ഒടുക്കിയിട്ടുള്ള മൊത്തം തുക 2,20,000/- (ഓരോരുത്തരും ₹20,000/- വീതം) യിൽ നിന്നും,സൂചന(1)(2) ഉത്തരവുകൾ പ്രകാരം, 10 പേരുടെ ജാമ്യത്തുകയായ 2,00,000/-രൂപ, 0041-102-97 എന്ന ശീർഷകത്തിൽ നിന്നും പിൻവലിച്ച് തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന്,പരാമർശം (3) പ്രകാരം തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ അപേക്ഷിച്ചു. പ്രസ്തുതആവശ്യം തുടർനടപടികൾക്കായി പരാമർശം (4) പ്രകാരം സംസ്ഥാന പോലീസ് മേധാവി സർക്കാരിൽ സമർപ്പിച്ചു.

സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. നെടുപുഴ പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 466/2025 കേസിലെ 10 പ്രതികൾക്ക്, സൂചന (2) ൽ പരാമർശിച്ചിട്ടുള്ള ബഹു. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, അവരുടെ ജാമ്യത്തുക , തുക ഒടുക്കിയിട്ടുള്ള ശീർഷകത്തിൽ നിന്നുതന്നെ റീഫണ്ട് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

റീഫണ്ട് ഉത്തരവ് ട്രഷറിയിൽ നടപ്പിലാക്കുന്നതിനായി, പ്രസ്തുത തുക ഒടുക്കൽ സംബന്ധിച്ച ആവശ്യമായ വിവരങ്ങൾ ട്രഷറി ആപ്ലിക്കേഷനിലെ Refund Masterയിൽ ഉൾപ്പെടുത്തുന്നതിനായി ട്രഷറിയിലേക്ക് സമർപ്പിക്കണമെന്നും, അതിനായി BIMS കൈകാര്യം ചെയ്യുന്ന ഒരു അനുയോജ്യ ഡി.ഡി.ഒ.യെ റീഫണ്ട് നടപടികൾ കൈകാര്യം ചെയ്യുന്നതിനായി ചുമതലപ്പെടുത്തണമെന്നും സംസ്ഥാന പോലീസ് മേധാവിക്ക് ഇതോടൊപ്പം നിർദ്ദേശം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷമീം മുഹമ്മദ് ബി എം
അണ്ടർ സെക്രട്ടറി

1. സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ) ,കേരള , തിരുവനന്തപുരം
3. ധനകാര്യ വകുപ്പ്(26/08/2025 ലെ EXP-A1/51/2025-FIN. 3212062 പ്രകാരം)
4. വെബ് & ന്യൂ മീഡിയ. ഐ&പി. ആർ. ഡി
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Santhosh Mon T
Date: 03-12-2025 15:58:52
സെക്ഷൻ ഓഫീസർ